FEBRUARY 2018

# റിവൈവൽ വോയ്സ്

A Revival Church Publication



- പാസ്റ്ററുടെ സന്ദേശം
- വചന പഠനം: സീയോൻ
- പരിശുദ്ധാത്മാവ്
- വിശ്വാസ വീരന്മാർ - വില്യം കേറി

**ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും;**
**പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല. മത്തായി 16:18**

**Philadelphia Revival Church** **www.prconline.org**

**Private Circulation Only**



# പാസ്റ്ററുടെ സന്ദേശം

സമയം നീങ്ങിക്കൊണ്ടിരിക്കുന്നു എങ്കിലും ആ ചലനത്തിൽ ദൈവമക്കൾക്കു സമയമില്ലായ്മ എന്നൊരു ആത്മീയ സവിശേഷതയുണ്ട്. ആ സമയമില്ലായ്മ വെളിപ്പെടുന്നത്, ദൈവം മനുഷ്യ ഹൃദയത്തിൽ നിക്ഷേപിച്ചിരിക്കുന്ന നിത്യത എന്ന യാഥ്യാർത്ഥ്യത്തിൽ നിന്നാണ്. നാം ലോകം ഓടുന്നവരെപ്പോലെ ഓടുന്നവരല്ല, നമ്മുടെ ഓട്ടം സ്വസ്ഥതയിലാണ്.

പിതാവായ ദൈവത്തിന്റെ പൂർത്തീകരിക്കപ്പെട്ട നിത്യമായ പ്രവർത്തി നമ്മിൽ വെളിപ്പെടുമ്പോഴാണ് അത് ദൈവപ്രവർത്തി എന്നു നാം പറയുന്നത്. വിശ്വസിക്കുമ്പോൾ നമുക്ക് ലഭ്യമാകുന്ന സ്വസ്ഥതയിൽ വെളിപ്പെടുന്നതാണ് ദൈവപ്രവർത്തി.

മനുഷ്യർ ഒരു ജീവിതകാലം കൊണ്ട് നിവർത്തിക്കുന്നതു ദൈവത്തിന്നു അല്പസമയം കൊണ്ട് സാധ്യമാണ്. നമ്മുടെ കഴിവിനുപരിയായി നമ്മെ ഉയർത്തി ദൈവത്തിനു തന്റെ പ്രവർത്തി പൂർത്തീകരിക്കാം.

താൻ ദൈവവും ആത്യന്തികനുമത്രെ. ദൈവത്തിനു എല്ലാം സാദ്ധ്യം, താനത് ചെയ്തിരിക്കും. ഈ വർഷം നമുക്ക് വൻ കാര്യങ്ങൾ പ്രതീക്ഷിക്കാം. വലിയ സ്വസ്ഥത. ശ്രേഷ്ഠ വചനങ്ങൾ, നിസ്തുതുല്യമായതെല്ലാം.

അബ്രഹാമിന്റെ പേർ വളരെ വലുതായി
*ഉൽപത്തി 12:2 ഞാൻ നിന്നെ വലിയോരു ജാതിയാക്കും; നിന്നെ അനുഗ്രഹിച്ചു നിന്റെ പേർ വലുതാക്കും; നീ ഒരു അനുഗ്രഹമായിരിക്കും.*

*ഉൽപത്തി 24:35 യഹോവ എന്റെ യജമാനനെ ഏററവും അനുഗ്രഹിച്ചു അവൻ മഹാനായിത്തീർന്നു; അവൻ അവന്നു ആടു, മാടു, പൊന്നു, വെള്ളി, ദാസീദാസന്മാർ, ഒട്ടകങ്ങൾ കഴുതകൾ എന്നിവകയൊക്കെയും കൊടുത്തിരിക്കുന്നു.*

ഫെലിസ്ത്യ രാജാവ് അസൂയപ്പെടുവാൻ തക്കവണ്ണം യിസഹാക്കിന്റെ പേർ വളരെ വലുതായി.
*ഉൽപത്തി 26:13 അവൻ വർദ്ധിച്ചു വർദ്ധിച്ചു മഹാധനവാനായിത്തീർന്നു.*

*ഉൽപത്തി 26:14 അവന്നു ആട്ടിൻകൂട്ടങ്ങളും മാട്ടിൻകൂട്ടങ്ങളും വളരെ ദാസീദാസന്മാരും ഉണ്ടായിരുന്നതുകൊണ്ടു ഫെലിസ്ത്യർക്കു അവനോടു അസൂയ തോന്നി.*

മേൽ സൂചിപ്പിച്ച അനേക മഹാന്മാരെക്കാൾ ഉയർന്ന ആത്മീയ നിലവാരത്തിലാണ് നമ്മെയും ഉൾപ്പെടുത്തിയിരിക്കുന്നത്.

സഭയെ മുന്നോട്ടു പോകുക, മഹത്തായ ഒരു സഭയാകുക, എന്തെന്നാൽ നാം ആരാധിക്കുന്നത് ഒരു വലിയ ദൈവത്തെയാണ്. വലിയകാര്യങ്ങൾ ചിന്തിക്കുക, വലിയകാര്യങ്ങൾ സ്വപ്നം കാണുക.

**ഷിജു നൈനാൻ**
**പാസ്റ്റർ, ഫിലാഡൽഫിയ റിവൈവൽ ചർച്ച്**

## വചന പഠനം: സീയോൻ

സീയോൻ എന്ന പേർ  വിശുദ്ധ വേദപുസ്തകത്തിൽ 152 പ്രാവശ്യം ഉള്ളതായി കാണാം. വരണ്ട സ്ഥലം എന്നൊരു അർത്ഥവും ഈ പേരിനുണ്ട്. ഇത് ആദ്യമായി കാണുന്നത് 2 ശമൂവേലിലാണ്.

ഇവിടെ ദാവീദ് രാജാവ് യെബൂസ്യരുടെ പട്ടണം കൈവശമാക്കിയാതായി കാണുന്നു.

*2 ശമൂവേൽ 5:7-8 എന്നിട്ടും ദാവീദ് സീയോൻകോട്ട പിടിച്ചു; അതു തന്നെ ദാവീദിന്റെ നഗരം. അന്നു ദാവീദ്: ആരെങ്കിലും യെബൂസ്യരെ തോല്പിച്ചാൽ അവൻ നീർപ്പാത്തിയിൽകൂടി കയറി ദാവീദിന്നു വെറുപ്പായുള്ള മുടന്തരെയും കുരുടരെയും പിടിക്കട്ടെ എന്നു പറഞ്ഞു. അതുകൊണ്ടു കുരുടരും മുടന്തരും വീട്ടിൽ വരരുതു എന്നൊരു ചൊല്ലു നടപ്പായി.*

തന്നോടുകൂടെയുള്ളവർ ബലഹീനർ എങ്കിലും ദാവീദ് ഈ പട്ടണം പിടിച്ചു, ദാവീദിന്റെ പട്ടണം എന്ന് അതിനു പേർ വിളിച്ചു. സാധാരണ വ്യക്തികളെ ഉപയോഗിച്ച് തന്റെ മഹത്വം യേശുക്രിസ്തു വെളിപ്പെടുത്തുന്നു എന്നതിന്റെ സൂചന ഇവിടെ കാണുന്നു.

(തുടരും.....)

## പരിശുദ്ധാത്മാവ്

വളരെ പ്രാധാന്യം എറിയതെന്നു മാത്രമല്ല, നാം എല്ലാവരും പരിശുദ്ധാത്മാഭിഷേകം പ്രാപിക്കേണ്ടതുണ്ട്.

*അപ്പൊസ്തല പ്രവൃത്തികൾ 1:8 എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യെരൂശലേമിലും യെഹൂദ്യയിൽ എല്ലാടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്നു പറഞ്ഞു.*

അപ്പൊസ്തല പ്രവൃത്തികൾ 2 ൽ, കർത്താവു കല്പിച്ചതുപോലെ ശിഷ്യന്മാർ കാത്തിരുന്ന് ഉയരത്തിൽ നിന്ന് ശക്തി പ്രാപിച്ചതായി കാണുന്നു.

*അപ്പൊസ്തല പ്രവൃത്തികൾ 19:1-6 അപ്പൊല്ലോസ് കൊരിന്തിൽ ഇരിക്കുമ്പോൾ പൌലോസ് ഉൾപ്രദേശങ്ങളിൽ കൂടി സഞ്ചരിച്ചു എഫെസോസിൽ എത്തി ചില ശിഷ്യന്മാരെ കണ്ടു: നിങ്ങൾ വിശ്വസിച്ചിട്ടു പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ എന്നു അവരോടു ചോദിച്ചതിന്നു: പരിശുദ്ധാത്മാവു ഉണ്ടെന്നുപോലും ഞങ്ങൾ കേട്ടിട്ടില്ല എന്നു അവർ പറഞ്ഞു. എന്നാൽ ഏതായിരുന്നു നിങ്ങളുടെ സ്നാനം എന്നു അവൻ അവരോടു ചോദിച്ചതിന്നു: യോഹന്നാന്റെ സ്നാനം എന്നു അവർ പറഞ്ഞു. അതിന്നു പൌലൊസ്: യോഹന്നാൻ മനസാന്തരസ്നാനമത്രേ കഴിപ്പിച്ചു തന്റെ പിന്നാലെ വരുന്നവനായ യേശുവിൽ വിശ്വസിക്കേണം എന്നു ജനത്തോടു പറഞ്ഞു എന്നു പറഞ്ഞു. ഇതു കേട്ടാറെ അവർ കർത്താവായ യേശുവിന്റെ നാമത്തിൽ സ്നാനം ഏറ്റു. പൌലൊസ് അവരുടെ മേൽ കൈവെച്ചപ്പോൾ പരിശുദ്ധാത്മാവു അവരുടെമേൽ വന്നു അവർ അന്യഭാഷകളിൽ സംസാരിക്കയും പ്രവചിക്കയും ചെയ്തു.*

പരിശുദ്ധാത്മാവ് ലഭിക്കുന്നതിനെക്കുറിച്ചു എഫസോസിലെ ചില ശിഷ്യന്മാരോട് പൗലോസ് സംസാരിക്കുന്നതായി ഇവിടെ കാണുന്നു. അവർ അദ്ദേഹത്തെ അനുസരിക്കുകയും, അതിനാൽ പരിശുദ്ധാത്മാവിനെ പ്രാപിച്ചു പ്രവചിക്കുന്നതായും കാണുന്നു.

ഉയരത്തിൽ നിന്നുള്ള ശക്തിയാൽ നാം അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു എന്നുള്ളത് വളരെ പ്രാധാന്യവും ഒഴിച്ചുകൂടാനാവാത്തതുമായ ഒരു പ്രമാണമാണ് .

നമ്മോടും, നമ്മളിൽകൂടെയും സംസാരിക്കുന്ന ഒരു അനുഭവം മാത്രമല്ല പരിശുദ്ധാത്മാവ്. നമ്മുടെ ജീവിതം എപ്പോഴും പരിശുദ്ധാത്മാവിൽ ആയിരിപ്പാൻ പ്രാർത്ഥിക്കുക. വരണ്ട അവസ്ഥയിലാണെങ്കിൽ നിറവിനായി ചോദിക്കുക. നിങ്ങൾ നിറവിന്റെ അവസ്ഥയിലാണെങ്കിൽ മറ്റുള്ളവർക്കും ഈ പരിശുദ്ധാത്മ നിറവ് ലഭിക്കുവാൻ പ്രാർത്ഥിച്ചു അപേക്ഷിക്കുക.

ദൈവം അത് നൽകും.

# വിശ്വാസ വീരന്മാർ - വില്യം കേറി

(മുൻ ലക്കത്തിൽ നിന്നും തുടർച്ച)

## വില്യം കേറിയുടെ ഇന്ത്യയിലെ ആദ്യനാളുകൾ

മി. ഉടനിയുടെ ഇൻഡിഗോ കമ്പനിയിൽ ജോലി ലഭിച്ച കേറി സന്തോഷത്തോടെ അതു സ്വീകരിക്കയും, തന്റെ സാഹചര്യങ്ങൾ മാറിയതിനാൽ സൊസൈറ്റിയിൽ നിന്നും ഭാവിയിൽ സഹായം ആവശ്യമില്ലെന്നു അദ്ദേഹം അവരെ അറിയിക്കുകയും ചെയ്തു.

ഭാഷയിൽ അറിവ് നേടിയതോടെ യേശുക്രിസ്തുവിന്റെ നാമത്തിൽ അദ്ദേഹം പലയിടത്തും പ്രസംഗിച്ചു തുടങ്ങി. ഇരുനൂറു ബ്രാഹ്മണരുടെ സാന്നിധ്യത്തിൽ അദ്ദേഹം രണ്ടു ബ്രാഹ്മണരുമായി സംഭാഷണത്തിൽ ഏർപ്പെടുകയും ഊമവിഗ്രഹങ്ങളെ ആരാധിക്കുന്നതിലും, നാമങ്ങൾ ജപിക്കുന്നതിലും ഉള്ള മൂഢവിശ്വാസത്തെ ഉദാഹരണസഹിതം വിശദീകരിക്കുകയും ചെയ്തു. ക്രിസ്തുവിന്റെ ജീവിതത്തെയും, സുവിശേഷത്തിന്റെ സത്യത്തെയും കുറിച്ച് അവരോടു സംസാരിക്കുവാനുള്ള അവസരമായി അതിനെ ഉപയോഗിച്ചു.

സാമ്പത്തിക ബുദ്ധിമുട്ടില്ലാതെ ശാന്തമായി തന്റെ വേലയുമായി കേറിക്കു മുന്നോട്ടു പോകാൻ സാധിച്ചു. ഫാക്റ്ററി മാനേജരായി തനിക്കു ലഭിച്ച പണത്തിൽ നിന്നും കാൽഭാഗമോ, ചിലപ്പോൾ മൂന്നിൽ ഒന്നോ അദ്ദേഹം മിഷൻ പ്രവർത്തനങ്ങൾക്കായി നൽകിയിരുന്നു. തന്റെ സമയം വളരെ പ്രയോജനകരമായി അദ്ദേഹം ക്രമീകരിച്ചു. ഫാക്റ്ററി ജോലി, ബംഗാളിഭാഷാപഠനം, പുതിയനിയമം തർജ്ജമ ചെയ്യുക, പ്രസംഗം എന്നിങ്ങനെ അദ്ദേഹം തന്റെ സമയം നന്നായി വിനിയോഗിച്ചു.

ഏകദേശം തൊണ്ണൂറ്റൊൻപതു പേർ ജോലിക്കാർ ഉള്ള ഇൻഡിഗോ ഫാക്റ്ററിയിൽ അദ്ദേഹം അവർക്കു ക്രിസ്തീയമായ നിർദ്ദേശങ്ങൾ നൽകി. കമ്പനി ഉടമസ്ഥനായ ഉടനി, കേറിയെ ഒരു മിഷനറിയായി തിരിച്ചറിയുകയും ക്രിസ്തീയ പ്രവർത്തനങ്ങളിൽ താല്പര്യം കാണിക്കുകയും ചെയ്തു. ഫാക്റ്ററി മുഖാന്തിരം ഇരുനൂറോളം ഗ്രാമങ്ങളിൽ സുവിശേഷം എത്തിക്കുവാൻ സാധ്യമായി. കേറി ഒരു ഗ്രാമത്തിൽ നിന്നും മറ്റൊരു ഗ്രാമത്തിലേക്ക് സുവിശേഷവുമായി കടന്നുപോയിക്കൊണ്ടേയിരുന്നു.

മഴക്കാലത്ത് വെള്ളം കെട്ടികിടക്കുന്ന ചതുപ്പുനിലവും, തുടർച്ചയായ അനാരോഗ്യകരമായ നനഞ്ഞ കാലാവസ്ഥയും കേറി കുടുംബത്തിലെ എല്ലാവർക്കും അസുഖം ബാധിക്കുന്നതിനു ഇടയാക്കി. പനി ബാധിച്ചു കേറി മരണത്തോട് അടുത്ത് എന്ന് മാത്രമല്ല, അദ്ദേഹത്തിന്റെ രണ്ടാമത്തെ മകൻ പനി ബാധിച്ചു മരിച്ചുപോകുവാനും ഇടയായി.

മകന്റെ ശവമടക്കുവാൻ പോലും യാതൊരു സഹായവും ആരിൽ നിന്നും ലഭിക്കാതെ, അസുഖം ബാധിച്ച കേറി, നിവർത്തിയില്ലാതെ നാലു മുസ്ലിം മതക്കാരുടെ സഹായം തേടേണ്ടി വന്നു.

മകന്റെ മരണത്തോടെ സമനില തെറ്റിയ ഡൊറോത്തിയെ സ്വരക്ഷ പ്രമാണിച്ചു 1809ൽ അവരുടെ മരണം വരെ വർഷങ്ങളോളം ഒരു മുറിയിൽ അടച്ചിടേണ്ടി വന്നു. ഡൊറോത്തി കാരണം കേറി വളരെ കഷ്ടപ്പെടേണ്ടി വന്നെങ്കിലും, അവൾ അറിയാതെ തന്നെ സുവിശേഷത്തിനായി ത്യാഗം അനുഭവിക്കുകയായിരുന്നു. മനോരോഗിയായ ഭാര്യയുടെ പ്രതികൂലാവസ്ഥയിലും, ഏകാന്തതയിലും കേറി താൻ ചെയ്യേണ്ട പ്രവർത്തികളെല്ലാം നിർവഹിക്കുകയും, മക്കളെ പരിപാലിക്കുകയും ചെയ്തു.

രോഗങ്ങളോ, മരണമോ, വ്യാകുലാവസ്ഥകളോ ഒന്നും തന്നെ കേറിയെ ക്രിസ്തുവിനോടുള്ള സ്നേഹത്തിൽ നിന്നും മാറ്റി നിർത്തിയില്ല. ക്രിസ്തുവിന്റെ സ്നേഹം തന്നെയാണ് അദ്ദേഹത്തെ മുന്നോട്ടു നയിച്ചത്. കഷ്ടത സഹിക്കുമ്പോഴും വിശ്വസ്തനായിരുന്ന അദ്ദേഹം ഇപ്രകാരം എഴുതുന്നു, 'ഞാനെന്റെ കിടക്കയിൽ കിടന്നുകൊണ്ട് ചിലപ്പോൾ സ്വയം പരിശോധനയുടെയും, പ്രാർത്ഥനയുടെയും മാധുര്യമേറിയ സമയങ്ങളിൽ ആനന്ദം അനുഭവിക്കാറുണ്ട്. എന്റെ ഗുരുതരമായ രോഗാവസ്ഥയിലും, വളരെ ക്ഷീണിതനായിത്തന്നെ, എന്റെ പ്രിയ മകൻ രോഗിയായിരുന്നപ്പോൾ രാവും പകലും അവനെ ശുശ്രുഷിപ്പാൻ എനിക്ക് സാധ്യമായി, അതിനായി ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

'ഇറ്റേണൽ ലൈഫ് ബയോഗ്രാഫീസ് ഇന്ത്യ' അനുവാദത്തോടെ പ്രസിദ്ധീ കരിക്കുന്നത്.

## ചില നിരീക്ഷണങ്ങൾ

**ഈ ഉദ്ധരണിയിൽ നിന്നും വില്യം കേറിക്ക്**

- **പണത്തോടുള്ള മനോഭാവം വ്യക്തമായി മനസിലാക്കാം. ഇന്ത്യയിൽ ഒരു ജോലി ലഭിച്ചത് അദ്ദേഹം സന്തോഷത്തോടെ സ്വീകരിച്ചു, അദ്ദേഹത്തെ സാമ്പത്തികമായി സഹായിച്ചവരെ, ഇനി തനിക്കു അവരിൽ നിന്നും പണം ആവശ്യമില്ല എന്ന് അദ്ദേഹം അറിയിച്ചതാണ് എനിക്ക് വളരെ പ്രചോദനം നൽകിയത്.**

- **തന്റെ ജോലികൊണ്ടു തന്നെ സുവിശേഷപ്രവർത്തനത്തെ സഹായിക്കുവാൻ അദ്ദേഹം ഒരുക്കമായിരുന്നു. തനിക്കു പുതിയതായി ലഭിച്ച സാമ്പത്തികത്തെക്കുറിച്ചു, തന്നെ സഹായിക്കുന്നവരെ അറിയിച്ച, സത്യസന്ധനും, അശ്ലേഷം ധനമോഹം ഇല്ലാത്തതുമായ ഒരു വ്യക്തിയായി ഇവിടെ കാണാം.**

- **അതുപോലെ തന്നെ കേറി നല്ലോരു ദാനശീലനായിരുന്നു. ലക്ഷ്യബോധത്തോടും, നല്ല തീരുമാനത്തോടും, വിശ്വസ്തതയോടും കൂടെയായിരുന്നു അദ്ദേഹം ദാനം ചെയ്തിരുന്നത്. തനിക്കു ലഭ്യമായ സമയത്തിൽ ദൈവോദ്ദേശ്യം നിറവേറ്റുവാൻ അദ്ദേഹം തന്റെ ജീവിതകാലം കൃത്യമായി ഉപയോഗിച്ചു.**

- **.ഒരു ഗ്രാമത്തിൽ നിന്നും മറ്റൊരു ഗ്രാമത്തിലേക്ക് യാത്ര ചെയ്യുവാൻ കേറി ഒരുക്കമായിരുന്നു. പൂർണ്ണ സ്വസ്ഥതയിൽ അദ്ദേഹം അത് ചെയ്തു.**

(തുടരും.....)

# Word Search – Puzzle

## Books of Bible : Search and find following

(?)JOB
(?)MICAH
(?)CORINTHIANS
(?)JEREMIAH
(?)DANIEL
(?)PROVERBS
(?)NUMBERS
(?)TIMOTHY
(?)ACTS
(?)JOEL
(?)JONAH
(?)RUTH

Created online at Gospel Hall dot Org

| | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| X | R | S | E | E | Z | B | E | B | A | S | A | O | E | N | T | W | R | V | B |
| B | N | F | S | W | H | M | E | Y | P | A | X | W | H | D | F | C | P | C | T |
| E | Q | L | H | A | T | P | L | F | Y | S | A | U | Q | T | S | C | C | I | X |
| L | S | Y | W | L | F | N | C | H | O | V | Z | A | R | E | R | D | M | G | P |
| B | Q | N | A | S | J | S | L | R | Q | R | S | L | U | B | P | O | Q | S | T |
| N | J | O | P | Z | E | J | Z | P | D | C | Q | M | T | T | T | D | J | O | B |
| J | W | N | N | D | R | J | I | C | F | K | M | E | H | H | C | Q | Y | Y | T |
| Q | M | D | M | H | E | G | D | B | G | A | Y | N | Y | L | B | X | O | R | G |
| N | D | I | H | O | M | R | B | I | J | Z | Q | H | U | X | E | Q | R | E | E |
| L | Y | P | C | C | I | O | E | S | B | R | E | V | O | R | P | I | S | X | F |
| P | R | U | B | A | A | X | L | M | H | X | G | G | K | X | H | V | N | Z | H |
| Y | S | F | U | R | H | M | E | N | N | Z | F | J | A | H | E | M | A | A | Y |
| Z | I | H | I | J | O | N | A | H | L | E | I | C | L | P | G | S | I | I | D |
| Y | Q | G | E | Q | A | S | Q | U | T | D | C | X | J | T | E | B | H | F | L |
| Y | D | L | A | Q | Z | N | J | E | D | D | B | W | Q | H | N | U | T | C | P |
| H | W | N | Y | O | Q | M | O | L | D | L | Z | X | A | C | T | S | N | E | N |
| N | U | M | B | E | R | S | U | V | G | D | M | F | N | Z | C | S | I | P | T |
| C | P | F | A | N | H | X | Z | O | X | M | F | C | X | V | Z | F | R | B | S |
| L | C | F | J | O | E | L | K | B | Z | B | V | Y | S | M | Z | D | O | S | Q |
| Q | B | G | Q | P | D | Y | W | L | X | Y | C | H | G | R | H | F | C | W | R |

# Recipe Corner

**Wheat Bonda(Kerala Style)** **Shared by: Leela George**

Ingredients:

- 1 cup wheat flour
- 1/8 teaspoon salt
- 3 tablespoon brown sugar
- 1 Pinch Cardamom powder (optional)
- 1/4 teaspoon baking powder
- 1/2 cup water
- 1/2 ripe banana

Directions:

Mix all the ingredients well. Keep it for 12hrs. Make lemon size ball s and drop it in hot oil. Wet palm of hand every time when you make the shape. Cook for 8-10 minutes in medium flame. When it gets brown Bonda is ready.




And the cares of this world, and the deceitfulness of riches, and the lusts of other things entering in, choke the word, and it becometh unfruitful. – MARK 4:19 KJV

## Event Schedule

**Sunday Service**
09:30 AM - 11:00 AM : Malayalam Worship
11:30 AM - 1:00 PM : English Worship
10:00 AM - 11:15 AM : Sunday School

**Special Worship(In Church):** Friday 6:30 PM - 8:30 PM

**Youth Meetings:** Friday 7:00 PM - 9:00 PM

**Bible Study(In Homes):**
Wednesday : 10:30 AM - 12:30 PM & 6:30 PM - 8:30 PM

**Cell Meetings:**
Northeast Philadelphia: Saturday & Sunday 6:30 PM - 8:30 PM

For more details please call us at 215-673-4967